Page 1 of 3

(സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ അദ്ധ്യാപകരില്ലാത്തവ എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഇല്ല.

കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

231(4241) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും യു.പി.എസ്.എ. തസ്തികയിൽ 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, ജോലി നോക്കുന്ന സ്ഥലം, വിരമിക്കൽ തീയതി, എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത ജില്ലയിൽ 2020 ജനുവരി 1 മുതൽ 2021 ജൂൺ 30 വരെ യു.പി.എസ്.എ. തസ്തികയിൽനിന്നും വിരമിച്ച അദ്ധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ എത്ര പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നിലവിലുള്ള സ്കൂളുകളുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

75 പ്രഥമാദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

മലപ്പുറം ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ

232(4242) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നിലവിലുള്ള അദ്ധ്യാപകരുടെയും പ്രധാന അദ്ധ്യാപകരുടെയും ഒഴിവുകൾ എത്രയാണ്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഒഴിവുകൾ

ക്രമ നമ്പർ	തസ്തിക	ഒഴിവുകൾ
1	എൽ.പി.എസ്.ടി.	477
2	യു.പി.എസ്.ടി.	61
3	എച്ച്.എസ്.ടി. (ഗണിതം)	35
4	എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്)	14
5	എച്ച്.എസ്.ടി.(ഇംഗ്ലീഷ്)	9
6	എച്ച്.എസ്.ടി. (പി.എസ്)	145
7	എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്)	40
8	എച്ച്.എസ്.ടി. (മലയാളം)	18
9	എച്ച്.എസ്.ടി. (ഹിന്ദി)	41
10	എച്ച്.എസ്.ടി. (അറബിക്)	56
11	എച്ച്.എസ്.ടി. (ഉറുദു) പാർട്ട്ടൈം	3
12	എച്ച്.എസ്.ടി. (സംസ്കൃതം)	4
13	എച്ച്.എസ്.ടി. (സംസ്കൃതം) പാർട്ട്ടൈം 2	
14	എച്ച്.എസ്.ടി. (അറബിക്) പാർട്ട്ടൈം	1
15	ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)	7
16	ജൂനിയർ ലാംഗ്വേജ് ടീച്ചർ ഉറുദു (ഫുൾടൈം)	1
17	ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)	5
18	പ്രൈമറി ഹെഡ്മാസ്റ്റർ	209
ആകെ		1128

LIBRARY ARCHIVES Kerala Legislative Assembly

എച്ച്.എസ്.എസ്.ടി. എച്ച്.എസ്.എസ്.ടി ഒഴിവുകൾ - 156

എച്ച്.എസ്.എസ്.ടി ജൂനിയർ ഒഴിവുകൾ - 124

മലപ്പുറം ജില്ലയിലെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് എച്ച്.എസ്.എസ്.ടി. തസ്തികയിൽ 41 ഒഴിവുകളും എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ 31 ഒഴിവുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എയ്ഡഡ് വിദ്യാലയങ്ങളിൽ പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ 894 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിൽ പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ പഠന പ്രവർത്തനങ്ങളും സ്കൂൾ ഭരണ നിർവഹണവും തടസ്സപ്പെടാതിരിക്കാൻ നിയമന നടപടികൾ ത്വരിത പ്പെടുത്താൻ നിർദേശം നൽകുമോ എന്നറിയിക്കാമോ?

6-7-2021-ലെ സ.ഉ.(സാധാ)നമ്പർ 3287/ 2021/പൊ.വി.വ പ്രകാരം സർക്കാർ സ്കൂളുകളിൽ നിയമന ഉത്തരവ് ലഭിച്ചവരെ 15-7-2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കാനും നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്കും അടിയന്തരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിൽ സമാന തസ്തികകൾ

233(4243) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എ.എ., എ.ഒ., എ.പി.എഫ്.ഒ. ഉൾപ്പെടെയുള്ള സമാന തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഒഴിവ് വന്ന തീയതി വെളിപ്പെടുത്താമോ;

(സി) ഈ തസ്തികകൾ താഴെ തട്ടിലുള്ളവരുടെ സ്ഥാനക്കയറ്റം വഴി നികത്തപ്പെടുമ്പോൾ എൽ.ഡി. ക്ളർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?